സി-ഡിറ്റ് വാടക കെട്ടിടങ്ങളുടെ വിവരം

69 (3036) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രണ്ടു വർഷത്തിനുള്ളിൽ സി-ഡിറ്റ് തിരുവനന്തപുരം നഗരത്തിൽ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വിവരവും വാടകയും കയറ്റിറക്ക്, നെറ്റ്‌വർക്ക്, ഫർണിഷിംഗ് എന്നിവയ്ക്ക് ഓരോ കെട്ടിടത്തിനും ചെലവായ തുകയുടെ വിവരങ്ങളും നൽകാമോ ?

ഉത്തരം

1. കഴിഞ്ഞ 2 വർഷത്തിനിടയിൽ 2 കെട്ടിടങ്ങൾ ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സി-ഡിറ്റ് എടുക്കുകയുണ്ടായി. അതിന്റെ വിശദവിവരങ്ങൾ താഴെ കാണിക്കുന്നു :

   (i) റ്റി.സി. 82/2444 & 82/2446 (1)

   ചിറക്കളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

   (ശ്രീമതി സന്ധ്യാ സുകുമാരന്റെ ഉടമസ്ഥതയിലുള്ളത്)

   മാസ വാടക 3000 Sq.ft x 18=54,000 രൂപ

   (ii) തിരുവനന്തപുരം വഴുതക്കാട്ടുള്ള സെന്റർ പ്ലാസയിൽ സ്ഥലം

   (ശ്രീമതി ഉഷാ മോഹൻദാസിന്റെ ഉടമസ്ഥതയിലുള്ളത്)

   മാസ വാടക 2150 Sq.ft x 18=38,700 രൂപ

2. വഞ്ചിയൂർ ചെറുന്നിയൂർ ടവറിൽ പ്രവർത്തിച്ചിരുന്ന ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ ഓഫീസ് മാറുന്നതിന്റെ ഭാഗമായി അവിടെയുള്ള ഫർണിച്ചറുകൾ പുതിയ രണ്ടു കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി ഓപ്പൺ ടെണ്ടർ വഴി കോൺട്രാക്ടറെ നിശ്ചയിച്ച് 2,65,000 രൂപയ്ക്ക് വർക്ക് ഓർഡർ നൽകുകയുണ്ടായി

3. രണ്ട് വാടക കെട്ടിടങ്ങളിലെയും ഫർണിഷിംഗ്, നെറ്റ് വർക്കിംഗ്, യു.പി.എസ്. വയറിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി ഓപ്പൺ ടെൻഡർ മുഖേന ടെണ്ടർ വിളിക്കുകയും അതിന്റെ ബാക്കി നടപടികൾ പുരോഗമിക്കുകയുമാണ്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ ഇനത്തിലുള്ള ചെലവ് അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly